

# മോൺ. ജോർജ്ജ് മൂലയിൽ

താമരശ്ശേരി രൂപതയിലെ ചക്കിട്ടപ്പാറ സെന്റ് ആന്റണീസ് ഇടവകയിൽ 1948 ഫെബ്രുവരി 14 നായിരുന്ന ജോർജ്ജ് മൂലയിലച്ചന്റെ ജനനം. തോമസ് - മറിയം എന്നിവരായിരുന്ന മാതാപിതാക്കന്മാർ. സെന്റ് ആന്റണീസ് യു.പി സ്കൂൾ ചക്കിട്ടപ്പാറ, സെന്റ് ജോർജ്ജ് ഹൈസ്കൂൾ കുളത്തുവയൽ എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനു ശേഷം 1965 – ൽ തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്ന അദ്ദേഹം കോട്ടയം അപ്പസ്തോലിക് സെമിനാരിയിൽ തത്വശാസ്ത്ര ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി.

ഭാഗ്യസ്മരണാർഹനായ പരി. പോൾ ആറാമൻ മാർപ്പാപ്പയിൽ നിന്നും റോമിൽ വച്ച് 1975 ജൂൺ 29 ന് പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും ആദ്ധ്യാത്മിക ദൈവശാസ്ത്രത്തിൽ ലൈസൻഷ്യേറ്റ് കരസ്ഥമാക്കിയ തിരിച്ചെത്തിയ അച്ചൻ ചുങ്കക്കുന്ന് ഇടവകയിൽ അസി. വികാരിയായും ചെന്നലോട്, ആറാട്ടുതറ, കല്ലോടി, നടവയൽ, മണിമൂളി എന്നീ ഇടവകകളിൽ വികാരിയായും മാനന്തവാടി രൂപതയുടെ മൈനർ സെമിനാരി റെക്ടർ, പാസ്റ്ററൽ സെന്റർ ഡയറക്ടർ, രൂപത മതബോധന ഡയറക്ടർ, രൂപതയിലെ നവീകരണ സി. എൽ. സി യുടെ രൂപത ഡയറക്ടർ, വിൻസെന്റ് ഡി പോൾ സൊസൈറ്റിയുട ആത്മീയ ഉപദേഷ്ടാവ്, രൂപതാ ആലോചന സമിതി അംഗം, മണിമൂളി നിലമ്പൂർ റീജിയൺ സിഞ്ചെല്ലൂസ് എന്നീ തസ്തികകളിലും നിസ്തുല സേവനം കാഴ്ചവച്ചിട്ടുണ്ട്. ഏറെ നാൾ രൂപതയുടെ നവീകരണ പ്രസ്ഥാനത്തിൽ സജീവമായി പ്രവർത്തിച്ചിട്ടുണ്ട്. മാനന്തവാടി രൂപതയിൽ ഇപ്പോൾ സേവനം ചെയ്യുന്ന എഴുപതിൽപരം വൈദികരുടെ റെക്ടർ ആയിരുന്നു. കൂടാതെ നോർബർട്ടൻ, കമ്മില്ലസ് എന്നീ സന്യാസ സമൂഹങ്ങളിലും അച്ചന്റെ ശിഷ്യന്മാരായി ധാരാളം പേർ ഉണ്ട്.

2006 മെയ് മാസം 14 മുതൽ 2010 നവംബർ 6 വരെ മാനന്തവാടി രൂപതയുടെ വികാരിജനറാളായി സേവനം ചെയ്തു. ഏവരോടും സൗമ്യതയോടും വാത്സല്യത്തോടും കൂടി പെരുമാറിയിരുന്ന അച്ചന്റെ ആദ്ധ്യാത്മികതയും ലാളിത്യം നിറഞ്ഞ ജീവിതവും ഏല്പിച്ച ഉത്തരവാദിത്വത്തോടുള്ള പ്രതിബദ്ധതയും ആദർശങ്ങളിൽ അടിയുറച്ച നിലപാടുകളും എവർക്കും പ്രചോദനമാണ്. തന്നെ ഏല്പിച്ചിരിക്കുന്ന ജോലികൾ ശാന്തമായി ചെയ്യുകയും എല്ലാവരോടും സൗമ്യമായും പക്വമായും പെരുമാറുകയും ഒരു ജ്യേഷ്ഠ സഹോദരനടുത്ത, അതിലുപരി ഒരു പിതാവിനടുത്ത സ്വാതന്ത്ര്യത്തോടെ ഏവർക്കും എന്നും സമീപിക്കുകയും ചെയ്യാമായിരുന്ന വ്യക്തിത്വമായിരുന്നു അച്ചന്റേത്. 2010 ജൂലൈ 28 ന് അച്ചനിൽ കാൻസർ രോഗം നിർണ്ണയിക്കപ്പെട്ടതുമുതൽ സഹനത്തിന്റെ ജീവിതമായിരുന്നു. ക്യാൻസർ രോഗം മൂലം അതികഠിനമായ വേദന അനുഭവിച്ചപ്പോഴും അച്ചൻ വളരെ സൗമ്യനായി പരാതികളില്ലാതെ എല്ലാം സഹിച്ചു. എതാനം മാസങ്ങൾക്ക് മുൻപ് വേദനയുടെ മൂർദ്ധന്യാവസ്ഥയിൽ അച്ചൻ രചിച്ച *ക്യാൻസർ രോഗികളോട് അവരിലൊരാൾ* എന്ന ചെറുഗ്രന്ഥം രോഗികൾക്കു മാത്രമല്ല, അവരെ പരിചരിക്കുന്നവർക്കും മറ്റ് കുടുബാംഗങ്ങൾക്കും ഏറെ ഉപകാരപ്രദമാണ്.

അച്ചന്റെ ശവസംസ്കാരശുശ്രൂഷകൾ നാളെ (മാർച്ച് 4) ഉച്ചകഴിഞ്ഞ് 2.30 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ.